I. ഇ.ബി. XVI-കേരള നിയമസഭ/II-4

പതിനാറാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2026 ഒക്ടോബർ 15, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ഇടുക്കി ജില്ലാകളക്ടറുടെ വിവാദ ഉത്തരവ്

മി. സ്പീക്കർ: ഇടുക്കി ജില്ലാകളക്ടർ 23-09-2026-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പന്തടിക്കളം, ശാന്തൻപാറ, ചിന്നക്കനാൽ തുടങ്ങിയ പ്രദേശങ്ങളിൽ കർഷകരും നാട്ടുകാരും കെട്ടിയ സംരക്ഷണവേലികളും ഭിത്തികളും വനം വകുപ്പുദ്യോഗസ്ഥർ പൊളിച്ചുമാറ്റിയതിൽ കർഷകർക്കും മലയോര മേഖലയിലെ ജനതയ്ക്കും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവശ്രീ കെ.യു. ജനീഷ് കുമാർ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ചിന്നക്കനാൽ പ്രദേശത്ത് 2026 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി മൂന്ന് മരണങ്ങൾ സംഭവിച്ചതിനെത്തുടർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തിയ യോഗ തീരുമാനപ്രകാരം ചിന്നക്കനാലിലെ അനധികൃത നിർമ്മിതികൾ നീക്കം ചെയ്യുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. നിയമാനുസൃത നിർമ്മിതികൾ നീക്കം ചെയ്യാൻ പാടില്ലെന്ന കർശന നിർദേശവും നൽകിയിരുന്നു. മനുഷ്യ-വന്യജീവി സംഘർഷം

തടയുകയെന്ന ഉദ്ദേശ്യത്തോടെയാണ് ജില്ലാ കളക്ടർ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച് നടപടികളുമായി മുന്നോട്ടുപോയത്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സെപ്റ്റംബർ 23-ാം തീയതി ജില്ലാകളക്ടർ ഇറക്കിയ ഉത്തരവിൽ പറയുന്ന സ്ഥലങ്ങൾ ഇടുക്കി ജില്ലയിലെ റവന്യൂ ഭൂമി ഉൾപ്പെടുന്ന ജനവാസമേഖലകളാണ്. വന്യജീവി ആക്രമണം സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കണമെന്ന മുൻ സർക്കാരിന്റെ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇടുക്കി ജില്ലയിലെ പ്രധാന പാതകളെല്ലാം ആനത്താരകളെന്ന് ഹോട്ട്സ്പോട്ടിൽപ്പെടുത്തി വനംവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത് ഗൂഢാലോചനയുടെ ഭാഗമാണ്. സി.എച്ച്.ആർ. ഭൂമി വനഭൂമിയാക്കി മാറ്റാനുള്ള ബോധപൂർവമായ പരിശ്രമമാണ് നടത്തുന്നത്. പന്തടിക്കളം, ശാന്തൻപാറ, ചിന്നക്കനാൽ പ്രദേശങ്ങളിൽ കർഷകരും നാട്ടുകാരും നിർമ്മിച്ച സംരക്ഷണ വേലികളും ഭിത്തികളും വനം വകുപ്പുദ്യോഗസ്ഥർ പൊളിച്ചുമാറ്റിയതിനെതിരെ മലയോര ജനത നടത്തുന്ന പ്രക്ഷോഭങ്ങൾ കണക്കിലെടുത്ത് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഭരണഘടനാവിരുദ്ധമായ ഉത്തരവ് അടിയന്തരമായി പിൻവലിക്കണം.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ചിന്നക്കനാലിൽ തുടർച്ചയായുണ്ടാകുന്ന വന്യജീവി ആക്രമണങ്ങളുടെ അടിസ്ഥാനത്തിൽ ചേർന്ന ഉന്നതാധികാരികളുടെ യോഗത്തിൽ പ്രദേശത്തെ അനധികൃത നിർമ്മിതികൾ നീക്കം ചെയ്യാമെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ എഴുതി നൽകിയതുകൊണ്ടാണ് അതിനാവശ്യമായ നടപടി സ്വീകരിച്ചത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): ജനങ്ങളുടെ സുരക്ഷയ്ക്കുവേണ്ടിയാണ് ഫെൻസിങ് പൊളിക്കുന്നതിനും വൈകുന്നേരം 6 മണിക്കുശേഷം എസ്റ്റേറ്റുകളിൽ പോകുന്നത് ഒഴിവാക്കണമെന്നുമുള്ള ഉത്തരവുകൾ ജില്ലാ കളക്ടർ പുറപ്പെടുവിച്ചത്. അതിൽ തെറ്റുകളുണ്ടെങ്കിൽ തിരുത്തണമെന്ന് ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഭൂമി കൈയേറ്റക്കാർ സ്ഥാപിച്ച ഫെൻസിങ്ങുകൾ പൊളിച്ചുമാറ്റുന്നതാണ്.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ചിന്നക്കനാൽ പ്രദേശത്ത് വന്യമൃഗശല്യം രൂക്ഷമാണ്. ഇതിനകം 40-ൽ പരം മരണങ്ങൾ ഇവിടെ സംഭവിച്ചിട്ടുണ്ട്. ആനകളുടെ ചലനങ്ങൾ നിരീക്ഷിക്കുന്നതിനായി അക്കോസ്റ്റിക് ട്രയാംഗുലേഷൻ (Acoustic Triangulation) അടക്കമുള്ള ആധുനിക ശാസ്ത്രീയ സംവിധാനങ്ങളും ഏർളി വാർണിങ് സിസ്റ്റവും ഏർപ്പെടുത്തുകയും ഹ്യൂമൻ ഡിപ്ലോയ്മെന്റ്

നടത്തുകയും ചെയ്തിട്ടുണ്ട്. ആക്രമണകാരികളായ ആനകളെ ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. ചിന്നക്കനാലിൽ പ്രഖ്യാപിത ആനത്താരകളില്ല. വനം വകുപ്പിന്റെ അനുമതിയോടുകൂടിയാണ് ആനയിറങ്കലിൽ 301 കോളനി സ്ഥാപിച്ചത്. വനം വകുപ്പിന് ഇവിടെ സ്വന്തമായി ഭൂമിയില്ല. 2023-ൽ സർക്കാർ ചിന്നക്കനാലിൽ 365 ഹെക്ടർ ഭൂമി റിസർവ് വനമായി പ്രഖ്യാപിച്ച് നോട്ടിഫിക്കേഷൻ ഇറക്കിയെങ്കിലും തുടർനടപടി സ്വീകരിച്ചിരുന്നില്ല. ആനശല്യം കുറയ്ക്കുന്നതിനായി വനാതിർത്തികളിൽ ചക്ക പഴുക്കുന്നതിന് മുൻപ് സംഭരിക്കുന്നതിനായി കർഷക സംഘടനകളുടെ സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം ശാശ്വതമായി പരിഹാരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സി.എച്ച്.ആർ. ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണമായും തടഞ്ഞുകൊണ്ടുള്ള സുപ്രീംകോടതി ഉത്തരവ് മുൻ സർക്കാർ സ്വീകരിച്ച തെറ്റായ നിലപാടിന്റെ ഫലമാണ്. അന്ന് കൈയേറ്റക്കാരുടെ ലിസ്റ്റ് നൽകാത്തതിനാലാണ് സി.എച്ച്.ആർ. ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്ന ഹൈക്കോടതി ഉത്തരവ് ഇന്നും നിലനിൽക്കുന്നത്. പ്രസ്തുത ഉത്തരവ് മാറ്റുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം റവന്യൂ-വനം വകുപ്പുകൾ ഒരുമിച്ച് അഫിഡവിറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റോഡ് നിർമ്മാണം ആരംഭിക്കാൻ സാധിച്ചു. സി.എച്ച്.ആർ. ഭൂമി റവന്യൂ ഭൂമിയാണെന്നും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുൾപ്പെടെ അനുവാദം നൽകണമെന്നുമാണ് സർക്കാർ നിലപാട്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവശ്രീ പിണറായി വിജയൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

II ശ്രദ്ധ ക്ഷണിക്കൽ

1. കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്ക്

ശ്രീ. കെ. ജയന്ത്: കോഴിക്കോട് നഗരത്തിൽ ഗതാഗതക്കുരുക്ക് രൂക്ഷമായിരിക്കുകയാണ്. പുതിയ ബൈപ്പാസ് വന്നതോടുകൂടി നഗരത്തിലെ പ്രധാനപ്പെട്ട രണ്ട് റോഡുകളിലേക്കുള്ള ഗതാഗതം പൂർണ്ണമായും വിഛേദിക്കപ്പെട്ടിരിക്കുകയാണ്. മാവൂർ റോഡിനും വയനാട് റോഡിനും സമാന്തരമായി നിർമ്മിച്ച ഗാന്ധി റോഡ്-സി.ഡബ്ല്യു.ആർ.ഡി.എം.-ചേവരമ്പലം റോഡ് മുറിച്ചുമാറ്റിയതും കൃത്യമായ ക്രോസിങ്ങുകളില്ലാത്തതും സ്ഥിതി രൂക്ഷമാക്കുന്നുണ്ട്. കോഴിക്കോട് നഗരത്തിലെ പ്രധാനപാതയുടെ വികസനത്തോടൊപ്പം എരഞ്ഞിപ്പാലം, കാരപ്പറമ്പ്, തൊണ്ടയാട്, മലാപ്പറമ്പ് തുടങ്ങിയ ജങ്ഷനുകളുടെ വികസനവും അടിയന്തരമായി പൂർത്തിയാക്കണം. മൂന്നാമത്തെ ഐ.ടി. നഗരമായി പ്രഖ്യാപിച്ചിട്ടുള്ള കോഴിക്കോട് നഗരത്തെ ഗതാഗതക്കുരുക്കിൽനിന്ന് മോചിപ്പിക്കുന്നതോടൊപ്പം വികസനോന്മുഖമായ നഗരമായി മാറ്റുന്നതിനും കോഴിക്കോട് മെട്രോ പദ്ധതി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സിറ്റി റോഡ് പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ പനത്തുതാഴം-സി.ഡബ്ല്യു.ആർ.ഡി.എം. റോഡിൽനിന്നും കോഴിക്കോട് ബീച്ചിലേക്കുള്ള ഗതാഗതം സുഗമമാകുന്നതാണ്. പ്രസ്തുത റോഡിന്റെ വിശദമായ ഡി.പി.ആർ. എൻ.എച്ച്.എ.ഐ.-യുടെ പരിഗണനയിലാണ്. ദേശീയപാത 66-ന്റെ വികസനത്തിനായി വിഭജിച്ച പനത്തുതാഴം-സി.ഡബ്ല്യു.ആർ.ഡി.എം. റോഡ് പുനഃസ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. മലാപ്പറമ്പ്-വെള്ളിമാടുകുന്ന് റോഡ് നിർമ്മാണത്തിലെ അപാകതകൾ പരിശോധിച്ചുവരികയാണ്. പുതിയ ഫ്ലൈ ഓവറുകൾ, ജങ്ഷൻ ഇംപ്രൂവ്മെന്റ്, ബൈപ്പാസ് എന്നിവ സംബന്ധിച്ച് വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം തുടർനടപടി സ്വീകരിക്കും. കോഴിക്കോട് മെട്രോ പദ്ധതിക്ക് അനുകൂല നടപടി സ്വീകരിക്കും.

2. ദേശീയപാത 66-ന്റെ അശാസ്ത്രീയ നിർമ്മാണം

ശ്രീ. കെ. കെ. വത്സരാജ്: നാഷണൽ ഹൈവേ അതോറിറ്റിയുടെ കെടുകാര്യസ്ഥതയും വർക്ക് ഏറ്റെടുത്തിരിക്കുന്ന കമ്പനികളുടെ നിരുത്തരവാദപരമായ

പ്രവർത്തനവും റോഡ് ഡിസൈൻ ചെയ്തതിലെ അപാകതകളുംമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം. കൃത്യമായ മാർഗനിർദേശങ്ങൾ നൽകാതെയും സുരക്ഷാസംവിധാനങ്ങൾ ക്രമീകരിക്കാതെയും റോഡുകൾ തുറന്നുകൊടുത്തതിലൂടെ അപകടമരണങ്ങൾ വർധിച്ചിരിക്കുകയാണ്. സർക്കാർ തലത്തിലുണ്ടാകുന്ന തീരുമാനങ്ങൾ നടപ്പാക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയും കരാർ കമ്പനികളും തയ്യാറാകുന്നില്ല.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): ദേശീയപാത വികസനവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങളിലെ അശാസ്ത്രീയതയും അപാകതകളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. പഞ്ചായത്ത് റോഡുകളിൽ ഡ്രെയിനേജിനുവേണ്ടി എൻ.എച്ച്.എ.ഐ. അനുവദിച്ച ഫണ്ട് ജില്ലാ കളക്ടർമാരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക പഞ്ചായത്തുകൾക്ക് കൈമാറുന്നതാണ്. ദേശീയപാതയിൽ അപകടസാധ്യത കുറയ്ക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുമായി തുടർന്നും ചർച്ച നടത്തുന്നതാണ്.

III **സബ്മിഷൻ**

(1) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള വികസനം

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട് റൺവേ ദീർഘിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുള്ള കുടുംബങ്ങൾക്ക് പുനരധിവാസ പാക്കേജിലുൾപ്പെടുത്തി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനവുമായി ബന്ധപ്പെട്ട് 99.92 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയെങ്കിലും പുനരധിവാസ കരട് പാക്കേജ് പ്രകാരമുള്ള തുക അംഗീകരിക്കാത്തതിനാൽ പരാതിക്കാരുമായി തുടർ ചർച്ച നടത്തി പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്ര വികസനം

ശ്രീ. പി. കെ. ഫിറോസ്: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം സമയബന്ധിതമായി നടപ്പാക്കുന്നതിനും RESA-യുടെ വർക്ക് പൂർത്തീകരിച്ച് wide-body വിമാനങ്ങൾ ഇറക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ സേഫ്റ്റി ഏരിയയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നടപടിയെടുക്കുന്നതാണ്. കാർ പാർക്കിങ് സൗകര്യം വിപുലീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടി വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് എലിവേറ്റഡ് ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കി നൽകുന്നതിനനുസരിച്ച് അടുത്ത ബജറ്റിൽ തുക വകയിരുത്തി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കും. വിമാനങ്ങളുടെ എണ്ണത്തിലെ കുറവ് പരിഹരിക്കുന്നതിനനുസരിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ, മംഗലാപുരം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഡൊമസ്റ്റിക് എയർലൈൻ സംവിധാനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കും.

(3) അങ്കമാലി-ശബരി റെയിൽവേ പദ്ധതി

ശ്രീ. ഷിബു തെക്കുംപുറം: അങ്കമാലി-എരുമേലി-ശബരി റെയിൽവേ പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനും അലൈൻമെന്റ് കടന്നുപോകുന്ന പ്രദേശങ്ങളിലെ തൊഴിൽസ്ഥാപനങ്ങളും സംരംഭങ്ങളും കൃഷിയിടങ്ങളും നഷ്ടപ്പെടുന്നവരെ സംരക്ഷിക്കാൻ ആവശ്യമായ പുനരധിവാസ പാക്കേജുകൾ പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): അങ്കമാലി-എരുമേലി-ശബരി റെയിൽവേ പദ്ധതിക്കുവേണ്ടി ഭൂമിയേറ്റെടുക്കലിനായി ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽനിന്ന് നൽകണമെന്നും സംസ്ഥാനം ചെലവാക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ റെയിൽവേയെ അറിയിക്കണമെന്നും പദ്ധതി പൂർത്തിയായശേഷം അമ്പത് ശതമാനം വിഹിതം അന്തിമമായി കണക്കാക്കുമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതത്തോടൊപ്പം റെയിൽവേ വിഹിതവും ലഭ്യമാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കും.

(4) ഓയൂർ ഫയർ സ്റ്റേഷൻ

ശ്രീ. എം. എം. നസീർ: ചടയമംഗലം ഓയൂർ ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നിലവിലെ ഡിസൈൻ പ്രകാരം ഓയൂർ അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണം നടത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് കരാറുകാരൻ അറിയിച്ചതിനെത്തുടർന്ന് പൊതുമരാമത്ത് വകുപ്പ് വിഷയം പരിശോധിച്ചുവരികയാണ്. വെളിനല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന വാടക നിരക്കിൽ അഗ്നിരക്ഷാ നിലയം താൽക്കാലികമായി പ്രവർത്തിപ്പിക്കുന്നതിന് വിട്ടുനൽകുന്നതിന് സമ്മതപത്രം ലഭ്യമാക്കുകയും റീജിയണൽ ഫയർ ഓഫീസേഴ്സ് സ്ഥലപരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. സ്ഥിരം കെട്ടിടം സജ്ജമാകുന്നതുവരെ താൽക്കാലിക കെട്ടിടത്തിൽ അഗ്നിരക്ഷാ നിലയം പ്രവർത്തനമാരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(5) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി

ശ്രീ. കെ. വി. സുമേഷ്: കണ്ണൂർ ജില്ലയിലെ അഞ്ചുറോഡ്-അഴീക്കോട് മേഖല, പുതിയതെരു-മന്ന-താഴെചൊവ്വ, വളപട്ടണം-പാപ്പിനിശ്ശേരി എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): കണ്ണൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനും ഉന്നത നിലവാരമുള്ള റോഡുകളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുംവേണ്ടി കണ്ണൂർ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. മൂന്നാം ഘട്ട പ്രവൃത്തിയുടെ സാമൂഹികാഘാത പഠനം, സർവെ പ്രവർത്തനങ്ങൾ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. ഭൂമിയേറ്റെടുക്കൽ ആവശ്യമുള്ള സ്ഥലങ്ങളിൽ റോഡിന്റെ വീതി 22 മീറ്ററാക്കാൻ തീരുമാനിച്ചതുമൂലം ഉളവായ പ്രശ്നങ്ങൾ പരിഹരിക്കാൻ എം.എൽ.എ.-യുടെയും എം.പി.-യുടെയും നേതൃത്വത്തിൽ യോഗം വിളിച്ചുചേർക്കുന്നതാണ്.

(6) പഴശ്ശി കനാൽ അണ്ടർ ടണൽ, ബണ്ട് റോഡ് എന്നിവയുടെ പുനർനിർമ്മാണം

ശ്രീ. വി. കെ. സനോജ്: കാലവർഷത്തിൽ പൂർണ്ണമായി തകർന്ന പഴശ്ശി കനാലിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ.-ന് അംഗീകാരം ലഭ്യമാക്കുന്നതിനും പഴശ്ശി ജലസേചന പദ്ധതിയുടെ നിലവിലുള്ള അണ്ടർ ടണലുകൾ പുനർനിർമ്മിക്കാനും കനാലിന്റെ ഭാഗമായ കെട്ടിടങ്ങൾ സംരക്ഷിക്കാനും പഴശ്ശി പദ്ധതി നവീകരിച്ചുകൊണ്ട് ഇറിഗേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): കനത്ത മഴയെത്തുടർന്ന് പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായ കാര-പേരാവൂർ-തെളപ്പ് പ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും കനാലും ബണ്ട് റോഡും തകരാതിരിക്കുന്നതിനും തകർന്ന അണ്ടർ ടണൽ പുനർനിർമ്മിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലസേചന വകുപ്പ് സമർപ്പിച്ച ഡി.പി.ആർ.-ന് ധനകാര്യ വകപ്പിൽനിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പഴശ്ശി പദ്ധതിയുടെ നവീകരണം സംബന്ധിച്ച് പരിശോധിക്കുന്നതും പ്രസ്തുത പ്രദേശം ഇറിഗേഷൻ ടൂറിസത്തിന്റെ പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതുമാണ്.

(7) കബനി നദിയിൽ ചെറുകിട തടയണ നിർമ്മാണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ മുള്ളൻകൊല്ലി-പുല്പള്ളി ഗ്രാമപഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വരൾച്ചയ്ക്ക് പരിഹാരം കാണുന്നതിനായി കർണ്ണാടക അതിർത്തി പങ്കിടുന്ന കബനി നദീതീരത്ത് ചെറുകിട തടയണ നിർമ്മിക്കാനും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): വയനാട് ജില്ലയിലെ മുള്ളൻകൊല്ലി-പുല്പള്ളി ഗ്രാമപഞ്ചായത്തുകളിലെ വരൾച്ച തടയുന്നതിനായി കബനി പുഴയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുചേർക്കുന്നതാണ്. കർണ്ണാടക സർക്കാരുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് അടിയന്തര പ്രവൃത്തികൾക്ക് അനുമതി നൽകുന്നതാണ്.

(8) പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഗവൺമെന്റ് ആശുപത്രി നവീകരണം

ശ്രീ. മനോജ് മൂത്തേടൻ: പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഗവൺമെന്റ് ആശുപത്രി നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): പെരുമ്പാവൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഗവൺമെന്റ് ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി ഒ.പി. നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ നിർമ്മാണം ആരംഭിക്കുകയും സ്റ്റോർ, ലിഫ്റ്റ് എന്നിവയുടെ പ്രവൃത്തികൾക്കുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയുമാണ്. ഉപയോഗയോഗ്യമല്ലാത്ത പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെ അനുബന്ധ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ആശുപത്രിയുടെ പദവിക്ക് അനുസൃതമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആശുപത്രിയുടെ അടിസ്ഥാന സൗകര്യം ഉയർത്തുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(9) റോഡപകടങ്ങളിലെ വർധന

ശ്രീ. പാറക്കൽ അബ്ദുല്ല: റോഡപകടങ്ങൾ കുറയ്ക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): മുഖ്യമന്ത്രി ചെയർമാനായും ഗതാഗത വകുപ്പുമന്ത്രി കോ-ചെയർമാനായും വിവിധ വകുപ്പുമന്ത്രിമാർ അംഗങ്ങളായും റോഡ് സുരക്ഷാ മിഷൻ രൂപീകരിച്ച് റോഡ് അപകടങ്ങളും അപകട മരണങ്ങളും കുറയ്ക്കാനാണ് ലക്ഷ്യമിടുന്നത്. വിദ്യാർഥികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ടവരെയും ഉൾക്കൊള്ളിച്ച് വിപുലമായ കാമ്പയിൻ നടത്താനും പോലീസിനെ വിനിയോഗിച്ച് എൻഫോഴ്സ്മെന്റ് ശക്തമാക്കാനും തീരുമാനിച്ചിട്ടുണ്ട്. പട്ടണങ്ങളിൽ കാൽനടയാത്രക്കാർക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് സീബ്രാലൈനിന്റെ വീതി വർധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(10) ചാലിയം ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണം

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: കടലുണ്ടി പഞ്ചായത്തിലെ ചാലിയത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി എത്രയുംവേഗം ലഭ്യമാക്കാനും മത്സ്യബന്ധന-വനം വകുപ്പുകളുടെ ഏകോപനത്തോടുകൂടി സെന്റർ നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ): 23-12-2025-ലെ സർക്കാർ ഉത്തരവുപ്രകാരം ചാലിയം മത്സ്യബന്ധന കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനായി 17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമിയും CRZ ക്ലിയറൻസും ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി, ടെൻഡർ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കി സെന്ററിന്റെ നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(11) ആദിവാസി കുടുംബങ്ങൾക്ക് വീടും കൃഷിഭൂമിയും ലഭ്യമാക്കൽ

ശ്രീ. ആര്യാടൻ ഷൗക്കത്ത്: 2019-ൽ ഉണ്ടായ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഉന്നതികളിലെ ആദിവാസി കുടുംബങ്ങൾക്ക് വീടും കൃഷിഭൂമിയും ലഭ്യമാക്കി പുനരധിവസിപ്പിക്കുന്നതിനും വരുമാനമാർഗം ഒരുക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി (ശ്രീമതി കെ. എ. തുളസി): 2019-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് വാണിയംപുഴ, തരിപ്പപ്പൊട്ടി, ഇരുട്ടുകുത്തി, കുമ്പളപ്പാറ ഉന്നതികളിലെ ആദിവാസികളെ മാറ്റിപ്പാർപ്പിച്ചിരുന്നു. വാണിയംപുഴ, തരിപ്പപ്പൊട്ടി ഉന്നതികളിലെ 41 ആദിവാസി കുടുംബങ്ങൾക്ക് അവരുടെ ആവശ്യപ്രകാരം നിലവിൽ താമസിച്ചുവരുന്ന ഉയർന്ന പ്രദേശത്തുതന്നെ വനാവകാശം അനുവദിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി 39 കുടുംബങ്ങൾക്ക് റെക്കോർഡ് ഓഫ് റൈറ്റ്സ് വിതരണം ചെയ്തിട്ടുണ്ട്. മരണപ്പെട്ട രണ്ട് ഗുണഭോക്താക്കളുടെ അനന്തരാവകാശികൾക്ക് വനാവകാശം കൈമാറ്റം ചെയ്യുന്നതിനുള്ള നിയമാനുസൃത നടപടി പുരോഗമിച്ചുവരികയാണ്. വാണിയംപുഴ ഉന്നതി നിവാസികളുടെ പുനരധിവാസത്തിനായി റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ആദ്യഘട്ട ധനസഹായമായി 36.70 ലക്ഷം രൂപയും വാണിയംപുഴ, തരിപ്പപ്പൊട്ടി ഉന്നതികളിലെ 41 കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിക്കുന്നതിനായി 2.46 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം, ഗതാഗതം, വനാവകാശ രേഖകൾ, ഭവന

നിർമ്മാണം, വൈദ്യുതി തുടങ്ങിയവയുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസനം, വനം, റവന്യൂ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി.എൽ. എന്നിവ ഏകോപിപ്പിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. വാണിയംപുഴ, തരിപ്പപ്പൊട്ടി, കുമ്പളപ്പാറ ഉന്നതികളിലേക്ക് പാലം നിർമ്മാണത്തിന് 6.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിലെ പ്രളയബാധിതരായ പട്ടികവർഗ കുടുംബങ്ങളുടെ ശാശ്വത പുനരധിവാസം, ഭവന നിർമ്മാണം, വനാവകാശ രേഖകളുടെ വിതരണം, അടിസ്ഥാന സൗകര്യ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഊർജിത നടപടി സ്വീകരിച്ചുവരുന്നുണ്ട്.

IV മേശപ്പുറത്തുവച്ച കടലാസുകൾ

ക്രമപ്രശ്നം

കിഫ്ബി പുനഃസംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ദിനപത്രങ്ങളിൽ അച്ചടിച്ചത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ബാലഗോപാൽ: കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ക്യാബിനറ്റ് അംഗീകരിച്ച റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പായി ഇന്നത്തെ ദിനപത്രങ്ങളിൽ അച്ചടിച്ച് വന്നിട്ടുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ച് നിയമസഭയിൽ സമർപ്പിക്കുന്നതിനുമുമ്പ് ഒരു രേഖയും പുറത്തുവിടാൻ പാടില്ലാത്തതാണ്. ഇതുസംബന്ധിച്ച് വ്യക്തമായ മറുപടി നൽകണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ ക്യാബിനറ്റ് അംഗീകരിച്ച റിപ്പോർട്ടിലെ ഉള്ളടക്കം പുറത്ത് പോയിട്ടില്ല. കിഫ്ബി പുനഃസംഘടിപ്പിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചപ്പോൾ ഏതെല്ലാം മേഖലകളാണ് പരിശോധിക്കുന്നതെന്നുള്ള മന്ത്രിസഭാ തീരുമാനമാണ് ഇന്നത്തെ പത്രറിപ്പോർട്ടിലുള്ളത്.

റൂളിങ്ങ്

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡ് (കിഫ്ബി) പുനഃസംഘടിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് മേശപ്പുറത്തുവച്ചു.

V റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ടും 2026-ലെ മദ്രാസ് ഹിന്ദുമത-ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നാമത് റിപ്പോർട്ടും സമർപ്പിച്ചു.

VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

VII ഗവൺമെന്റ് പ്രമേയം (ചട്ടം 118)

പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ സമർപ്പിച്ച ഭേദഗതി പ്രൊപ്പോസൽ പരിഗണിച്ചുമാത്രമേ പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാവൂ എന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. സണ്ണി ജോസഫ് അവതരിപ്പിക്കുകയും പിന്താങ്ങപ്പെടുകയും ചെയ്തു.

സർവ്വശ്രീ പിണറായി വിജയൻ, വി. മുരളീധരൻ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച ഭേദഗതി നിർദ്ദേശത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഏഴാമത്തെ വരിയിലെ "സംസ്ഥാന സർക്കാർ " എന്നീ വാക്കുകൾക്കുപകരം "സംസ്ഥാനത്തെ വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ " എന്ന് ചേർക്കാവുന്നതാണ്.

ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

(1) പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ അവസാന വാചകത്തിനുശേഷം "ജനങ്ങളുടെ ആശങ്കകളും എതിർപ്പുകളും കണക്കിലെടുത്ത് കേന്ദ്ര സർക്കാർ ഇതുവരെയും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല."

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

VIII ധനകാര്യം

2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർഥനകളുടെയും 2016-2017, 2017-2018, 2018-2019, 2020-2021, 2021-2022 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ മുഖ്യമന്ത്രി മേശപ്പുറത്ത് വച്ചു.

IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപങ്ങളിന്മേലുള്ള ചർച്ച

(1) പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനം

ശ്രീ. രമേശ് പിഷാരടി: "പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ വിഭജിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തരമായി പുനഃപരിശോധിക്കണമെന്നും ഡിവിഷന്റെ പഴയ സ്ഥിതി പുനഃസ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിന്റെയും ഇന്ത്യൻ റെയിൽവേയുടെയും ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുകൾ ഉണ്ടാകണമെന്നും ആവശ്യപ്പെടുന്നതിനായി ഈ വിഷയം കേരളനിയമസഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. അഭിജിത്ത്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. രമേശ് പിഷാരടി: പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ വിഭജിച്ച് മൈസൂർ ഡിവിഷന് നൽകിയ നടപടി സാമ്പത്തിക പ്രതികൂലാവസ്ഥയ്ക്ക് കാരണമാകുന്നതും വടക്കൻ ജില്ലകളുടെ യാത്രാ സൗകര്യങ്ങളെയും റെയിൽവേ ജീവനക്കാരെയും ഗുരുതരമായി ബാധിക്കുന്നതുമാണ്. പനമ്പൂർ യാർഡും മംഗളൂരുവിലെ കോച്ചിങ് ടെർമിനലും മൈസൂർ മേഖലയ്ക്കുകീഴിൽ മാറ്റിയതിനാൽ കേരളത്തിലെ ട്രെയിനുകളുടെ അറ്റകുറ്റപ്പണികൾക്കായി മൈസൂർ ഡിവിഷന്റെ അനുവാദത്തിന് കാത്തുനിൽക്കേണ്ടിവരുന്നത് വിരോധാഭാസമാണ്. പാലക്കാട് ഡിവിഷനിൽ നിരവധി തസ്തികകൾ ഇല്ലാതാകുകയും മംഗളൂരു ഡിവിഷനിലുണ്ടായിരുന്ന മലയാളികളായ

ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റ സാധ്യതയെ ബാധിച്ചിരിക്കുകയുമാണ്. കേന്ദ്രഗവൺമെന്റ് ഏകപക്ഷീയമായി പുറപ്പെടുവിച്ച ഉത്തരവ് പുനഃപരിശോധിക്കണമെന്നും പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെയും ഇന്ത്യൻ റെയിൽവേയുടെയും ഭാഗത്തുനിന്നും പരിഹാര നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ട് കേരളനിയമസഭ ഈ വിഷയം ചർച്ച ചെയ്യണം.

ശ്രീ. ടി. ജെ. വിനോദ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക വ്യാവസായിക വളർച്ചയ്ക്ക് തിരിച്ചടിയാകുന്ന, പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ വിഭജിച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാലക്കാട് ഡിവിഷൻ ഇല്ലായ്മ ചെയ്യാൻ നടത്തുന്ന ശ്രമങ്ങൾ അപലപനീയമാണ്. ഈ തീരുമാനത്തിൽനിന്നും കേന്ദ്രഗവൺമെന്റ് പിന്മാറണം. ഷൊർണ്ണൂരിൽ ടയാങ്കുലാർ സ്റ്റേഷൻ നടപ്പാക്കുന്നതിനും റെയിൽവേ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തണം.

ശ്രീ. പി. കെ. ഫിറോസ്: ഉപക്ഷേപത്തെ പിന്താങ്ങുന്നു. 64.63 കോടി രൂപ വാർഷിക വരുമാനമുള്ള മംഗളൂരു മേഖല മൈസൂരു ഡിവിഷനിലേക്ക് മാറ്റിയത് പ്രതിഷേധാർഹമാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ റെയിൽവെ സോൺ പ്രഖ്യാപിക്കാൻ നടപടിയുണ്ടാകണം. എമർജൻസി ക്വാട്ട ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി മൈസൂർ മേഖലയെ ആശ്രയിക്കേണ്ടിവരുന്നത് പ്രയാസകരമാണ്. കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കായി സംസ്ഥാന സർക്കാർ ഏറ്റെടുത്തു നൽകിയ ഭൂമി തിരിച്ചുപിടിക്കണം. റെയിൽവെ കോച്ചുകൾ വെട്ടിക്കുറയ്ക്കുന്നത് യാത്രാക്ലേശത്തിന് ഇടയാക്കും. മംഗളൂരു റെയിൽവെ മേഖല പാലക്കാട് ഡിവിഷന് തിരിച്ചുനൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകണം.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളത്തിന്റെ എതിർപ്പുകളെയും ആശങ്കകളെയും പൂർണ്ണമായി തള്ളി തന്ത്രപ്രധാനമായ പാലക്കാട് റെയിൽവെ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ ഒഴിവാക്കി മൈസൂരു ഡിവിഷനിൽ ചേർത്തത് കേരളത്തിന്റെ റെയിൽവെ വികസനത്തെ ദോഷകരമായി ബാധിക്കുന്നതാണ്. പാലക്കാട് ഡിവിഷന്റെ ആകെ വരുമാനത്തിന്റെ 60 ശതമാനവും മംഗളൂരു മേഖലയിൽനിന്നാണ്. ഡിവിഷനുകളിലെ വരുമാനംകൂടി പരിശോധിച്ചാണ് റെയിൽവെ മന്ത്രാലയം വികസന പദ്ധതികൾ അനുവദിക്കുന്നത്. റെയിൽവെ വികസനത്തിനുള്ള ബജറ്റ്

വിഹിതം വെട്ടിക്കുറയ്ക്കപ്പെടുകയും പുതിയ ട്രെയിനുകൾ അനുവദിക്കുന്നത് നിഷേധിക്കപ്പെടുകയും ചെയ്യും. കണ്ണൂരിൽ യാത്ര അവസാനിപ്പിക്കുന്ന ട്രെയിനുകളിൽ രണ്ടോ മൂന്നോ എണ്ണം മംഗളൂരുവരെ ദീർഘിപ്പിക്കാൻ നടപടിയുണ്ടാകണം. പാലക്കാട് റെയിൽവെ ഡിവിഷന്റെ സാമ്പത്തിക ഭദ്രത തകർക്കുന്ന റെയിൽവെയുടെ നടപടി അപലപനീയമാണ്. മംഗളൂരു മേഖല വിഭജിച്ചുകൊണ്ടുള്ള ഉത്തരവ് അടിയന്തരമായി പുനഃപരിശോധിക്കുകയും ഡിവിഷന്റെ പഴയ സ്ഥിതി പുനഃസ്ഥാപിക്കുകയും ചെയ്യണം.

<u>ശ്രീ. ഷിബു തെക്കുംപുറം:</u> ഉപക്ഷേപത്തെ പിന്താങ്ങുന്നു. പാലക്കാട് റെയിൽവെ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ മാറ്റാനുള്ള തീരുമാനം കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള അവഗണനയ്ക്ക് തെളിവാണ്. കേരളത്തിന്റെ റെയിൽവെ വികസനത്തെ തകർക്കുന്ന നടപടി അടിയന്തരമായി പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. വരുമാനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന മംഗളൂരു മേഖല പാലക്കാട് ഡിവിഷനിൽനിന്നും വിഭജിക്കുന്നതോടെ വരുമാനം കുറയുകയും കാലക്രമേണ പാലക്കാട് ഡിവിഷൻതന്നെ ഇല്ലാതാകുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. റെയിൽവേ ബജറ്റിലെ വിഹിതത്തിലും കുറവുണ്ടാകും. പാലക്കാട് ആസ്ഥാനത്തും മറ്റ് റെയിൽവെ സ്റ്റേഷനുകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സുരക്ഷിതത്വത്തെയും സ്ഥലംമാറ്റത്തെയും ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ആവശ്യമാണ്. വരുമാന ശേഷിയിൽ കുറവുണ്ടായാൽ കേരളത്തിന്റെ വികസന പദ്ധതികൾക്ക് തടസ്സമുണ്ടാകില്ലെന്ന് കേന്ദ്ര സർക്കാർ ഉറപ്പുനൽകണം. നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കാനും കാസർഗോഡ് ആസ്ഥാനമായി ടെർമിനൽ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. മുരളീധരൻ:</u> ബി.ജെ.പി.-യോടുള്ള രാഷ്ട്രീയവിരോധത്തെ 'കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെ അവഗണന' എന്ന രീതിയിലുള്ള രാഷ്ട്രീയ പ്രചാരണത്തിനായാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നത്. കാലാകാലങ്ങളിൽ റെയിൽവേ നടത്തുന്ന ക്രമീകരണങ്ങൾക്കെതിരെ ദുഷ്പ്രചരണം നടത്തിക്കൊണ്ട് റെയിൽവെയേയും കേന്ദ്ര സർക്കാരിനെയും കുറ്റപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഭരണപരമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാനാണ് മംഗളൂരു മേഖലയെ പാലക്കാട് നിന്നും മൈസൂരു ഡിവിഷനിലേക്ക് മാറ്റിയതെന്ന് റെയിൽവേ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ഡിവിഷന്റെയോ സോണിന്റെയോ വരുമാനം പരിഗണിക്കാതെ ശൃംഖലയുടെ ആവശ്യകത അനുസരിച്ചാണ് അടിസ്ഥാന

സൗകര്യ നിക്ഷേപം നടത്തുന്നത്. കേരളത്തിലെ ഒരു വർഷത്തെ റെയിൽവെ അടിസ്ഥാന സൗകര്യ വികസനത്തിനായി യു.പി.എ. സർക്കാർ ചെലവഴിച്ചതിന്റെ 10 ഇരട്ടി തുകയാണ് എൻ.ഡി.എ. സർക്കാർ അനുവദിക്കുന്നത്. ഇതിലൂടെ പാത ഇരട്ടിപ്പിക്കലും ഗേജ് മാറ്റൽ നടപടികളും പൂർത്തിയാക്കുകയും മേൽപ്പാലങ്ങളും അടിപ്പാതകളും നിർമ്മിക്കുകയും ചെയ്തു. ശൃംഖലയുടെ വൈദ്യുതീകരണം പൂർത്തിയാക്കി. അമൃത്ഭാരത് സ്റ്റേഷൻ പദ്ധതിയിൽ 16 സ്റ്റേഷനുകൾ വികസിപ്പിക്കുകയും 6 അമൃത്ഭാരത് ട്രെയിനുകൾ ആരംഭിക്കുകയും ചെയ്തു. 20,000 കോടിയിലധികം രൂപയുടെ മൂല്യമുള്ള പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 9 പുതിയ റെയിൽവെ ലൈനുകൾ (multi tracking), 145 മേൽപ്പാലങ്ങളും അടിപ്പാതകളും 19 റെയിൽവെ സ്റ്റേഷനുകളുടെ പുനർവികസനം ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുമ്പോൾ ഇത്തരമൊരു ഉപക്ഷേപം അവതരിപ്പിക്കുന്നതിനായി സഭയെ ഉപയോഗപ്പെടുത്തിയത് അപഹാസ്യകരമാണ്.

<u>ശ്രീമതി കെ. കെ. രമ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനംമൂലം മലബാർ മേഖലയിലേക്കുള്ള ട്രെയിൻ സർവീസുകളുടെ എണ്ണത്തിലും എമർജൻസി ക്വാട്ടയിലും കുറവുണ്ടാകുമെന്നതിനാൽ ജനങ്ങൾ ആശങ്കയിലാണ്. കേരളസർക്കാരിനോട് കൂടിയാലോചിക്കാതെയും ബദൽ സംവിധാനം ഏർപ്പെടുത്താതെയും കൊണ്ടുവന്ന ഡിവിഷൻ വിഭജനം പുന:പരിശോധിക്കണമെന്നും നിർത്തലാക്കിയ റെയിൽവേ സ്റ്റോപ്പുകൾ പുന:സ്ഥാപിക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം.

<u>ശ്രീ. കെ. ജയന്ത്</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ വിഭജിച്ചുകൊണ്ടുള്ള തീരുമാനം പുന:പരിശോധിക്കുന്നതിനും ഷൊർണ്ണൂർ ആസ്ഥാനമായി വെസ്റ്റ്കോസ്റ്റ് സോൺ രൂപീകരിക്കുന്നതിനും കക്ഷിഭേദമന്യേ കേന്ദ്ര ഗവൺമെന്റിൽ സമ്മർദം ചെലുത്തണം. പാലക്കാട് ഡിവിഷനിൽനിന്നും സർവീസ് ആരംഭിക്കുന്ന ദീർഘദൂര ട്രെയിനുകൾ മംഗലാപുരം ഡിവിഷനിൽനിന്നും പുറപ്പെടുന്നതിനാൽ സീറ്റിന്റെ ലഭ്യതയിലും എമർജൻസി ക്വാട്ട സൗകര്യങ്ങളിലും കുറവുണ്ടാകുന്നതാണ്. ചരക്കുഗതാഗതത്തിലൂടെയുള്ള വരുമാനനഷ്ടം സംസ്ഥാനത്തിന് വെല്ലുവിളിയാണ്. കേരളത്തിലെ റെയിൽവേ വികസനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയെക്കുറിച്ച് ധവളപത്രമിറക്കാൻ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. വി. കുഞ്ഞികൃഷ്ണൻ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ വേർപ്പെടുത്താനുള്ള തീരുമാനം അംഗീകരിക്കാവുന്നതല്ല.

പയ്യന്നൂരിന്റെ പ്രാധാന്യം പരിഗണിച്ച് പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ് അനുവദിക്കുന്നതിനും ആധുനിക രീതിയിലുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും മുതിർന്ന പൗരൻമാരുടെ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

ശ്രീ. കെ. നീലകണ്ഠൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാലക്കാട് റെയിൽവെ ഡിവിഷനിൽനിന്നും മംഗളൂരു മേഖലയെ വേർപെടുത്താനുള്ള തീരുമാനവും റെയിൽവെ വികസനത്തിൽ കേരളത്തോട് കാണിക്കുന്ന വിവേചനവും കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി സ്ഥാപിക്കാനുള്ള തീരുമാനം അട്ടിമറിച്ചതും അപലപനീയമാണ്. ഡിവിഷൻ വിഭജനം നടപ്പിലാകുന്നതോടെ പാലക്കാട് ഡിവിഷന് പ്രതിവർഷം ആയിരക്കണക്കിന് കോടി രൂപയുടെ വരുമാനനഷ്ടമുണ്ടാകുന്നതാണ്. കുമ്പള റെയിൽവേ സ്റ്റേഷനെ കാസർഗോഡ് സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിപ്പിച്ചുകൊണ്ട് അത്യാധുനിക കോച്ചിങ് ടെർമിനൽ സ്ഥാപിച്ച് കേരളത്തിലേക്കുള്ള പുതിയ ട്രെയിനുകളുടെ പ്രഭവ കേന്ദ്രമായി കാസർഗോഡിനെ മാറ്റാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണം. പാലക്കാട് ഡിവിഷൻ വിഭജനം ജീവനക്കാരുടെ പ്രൊമോഷനും സ്ഥലംമാറ്റവും പ്രതിസന്ധിയിലാക്കുന്നതും എമർജൻസി ക്വാട്ടയിലെ ടിക്കറ്റ് ബുക്കിങ്ങിൽ കുറവുണ്ടാക്കുന്നതും ആശങ്ക ഉളവാക്കുന്നതാണ്. സംസ്ഥാന സർക്കാരുമായും ജനപ്രതിനിധികളുമായും കൂടിയാലോചിക്കാതെ നടപ്പാക്കിയ തീരുമാനം പുന:പരിശോധിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം.

ശ്രീ. കെ. പ്രേംകുമാർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ ആവശ്യങ്ങളെ നിരാകരിക്കുന്ന കേന്ദ്ര സർക്കാർ സമീപനം അപലപനീയമാണ്. പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനം കരാർ നിയമനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും ഭാവി റെയിൽവേ വികസനത്തെയും എമർജൻസി ക്വാട്ട സൗകര്യങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതുമാണ്. പനമ്പൂർ തുറമുഖ മേഖലയിൽനിന്ന് മംഗളൂരുവഴിയുള്ള ചരക്കുനീക്കത്തിന്റെ വരുമാനം ഇല്ലാതാകുന്നത് സംസ്ഥാനത്തിന് വെല്ലുവിളിയാണ്. പ്രത്യേക റെയിൽവേ സോൺ വേണമെന്ന സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യവും തഴയപ്പെടുകയാണ്. വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് സർവകക്ഷി യോഗം വിളിക്കാൻ തയ്യാറാകണം.

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനം കേരളത്തിന്റെ റെയിൽവേ താൽപര്യങ്ങളെ ഗുരുതരമായി

ബാധിക്കുന്നതും യാത്രാസൗകര്യങ്ങളെയും വികസന പദ്ധതികളെയും തകർക്കുന്നതുമാണ്. ഡിവിഷൻ വിഭജിക്കുമ്പോൾ സ്പെഷ്യൽ ട്രെയിനുകൾക്കായി മൈസൂർ സോണിനെ ആശ്രയിക്കേണ്ടിവരികയും നിരവധി ട്രെയിൻ സർവീസുകൾ നഷ്ടപ്പെടുന്നതിലൂടെ വരുമാനം കുറയുകയും എമർജൻസി ക്വാട്ട വെട്ടിക്കുറക്കപ്പെടുകയും ചെയ്യും. സംസ്ഥാന സർക്കാരുമായി ചർച്ച നടത്താതെയും പുതിയ ടെർമിനലുകൾ അനുവദിക്കാതെയും ഡിവിഷൻ വിഭജിക്കാനുള്ള തീരുമാനം റെയിൽവേ ജീവനക്കാരുടെ ട്രാൻസ്ഫറിനെയും പ്രമോഷനെയും ദോഷകരമായി ബാധിക്കുന്നതാണ്. മുതിർന്ന പൗരന്മാർക്ക് റെയിൽവേ നൽകിയിരുന്ന യാത്രാ കൺസെഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സജീവ് ജോസഫ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പാലക്കാട് ഡിവിഷൻ വിഭജനത്തിലൂടെ വരുമാന നഷ്ടമുണ്ടാക്കി ഡിവിഷൻ ഇല്ലാതാക്കുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ ഭാവി റെയിൽവേ വികസനത്തെയും പുതിയ ട്രെയിൻ സർവീസുകളെയും ദോഷകരമായി ബാധിക്കുന്ന തീരുമാനമാണിത്. വടക്കൻ കേരളത്തിലെ യാത്രക്കാരെ ദുരിതത്തിലാക്കുകയും കേരളത്തിന്റെ ദീർഘകാല ആവശ്യമായ വെസ്റ്റ് കോസ്റ്റ് സോൺ രൂപീകരണത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന കേന്ദ്ര തീരുമാനത്തിനെതിരെ കക്ഷിരാഷ്ട്രീയ ഭേദമെന്യേ സംസ്ഥാനം ഒറ്റക്കെട്ടായി പ്രതിഷേധിക്കണം.

ശ്രീ. എ. പ്രഭാകരൻ: പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനത്തിനെതിരെ പ്രതിഷേധിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഡിവിഷൻ വിഭജനത്തിലൂടെ പാലക്കാട് റെയിൽവെ ആശുപത്രി, സ്കൂൾ എന്നിവയുടെ പ്രവർത്തനം അനിശ്ചിതാവസ്ഥയിലാകുന്നതാണ്. പാലക്കാട് ഡിവിഷന്റെ ദൈർഘ്യം 582 കി.മീ. ആയി കുറച്ചും വരുമാന നഷ്ടമുണ്ടാക്കിയും ഡിവിഷൻ ഇല്ലാതാക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. പാലക്കാട് കോച്ച് ഫാക്ടറി യാഥാർഥ്യമാക്കാൻ മുൻകേന്ദ്രസർക്കാരുകളുൾപ്പെടെ തയ്യാറാകാത്തത് അപലപനീയമാണ്. പാലക്കാട് ഡിവിഷൻ വിഭജനത്തിലൂടെ എമർജൻസി ക്വാട്ട സൗകര്യങ്ങളും പുതിയ ട്രെയിൻ സർവീസുകളും കുറയുന്നത് കാരണം ജനങ്ങൾ ആശങ്കയിലാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): ചട്ടം 130 അനുസരിച്ച് അവതരിപ്പിച്ച ഉപക്ഷേപത്തോട് പൂർണ്ണമായും യോജിക്കുന്നു. സംസ്ഥാന സർക്കാരിനോട് കൂടിയാലോചിക്കാതെ കേന്ദ്രസർക്കാർ എടുത്ത പാലക്കാട് ഡിവിഷൻ വിഭജന

തീരുമാനത്തിനെതിരെ പ്രതിഷേധിച്ച കേരള എം.പി.മാരെ അഭിനന്ദിക്കുകയാണ്. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരും കേന്ദ്ര റെയിൽവെ മന്ത്രിയെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന് സംസ്ഥാനം സമർപ്പിച്ച പ്രൊപ്പോസലുകൾ യാഥാർഥ്യമാക്കാൻ ശക്തമായി ഇടപെടുന്നതാണ്. ഡിവിഷൻ വിഭജനം കേരളത്തിന്റെ റെയിൽവെ സാധ്യതകളെ ബാധിക്കുമെന്നതിനാൽ തീരുമാനം പുനഃപരിശോധിക്കുകയോ കേരളത്തിന്റെ നഷ്ടം നികത്താനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): "ദക്ഷിണ റെയിൽവേക്ക് കീഴിൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കുന്നതും പ്രവർത്തനക്ഷമതയും സമയനിഷ്ഠയുമുള്ള പ്രധാനപ്പെട്ട യൂണിറ്റുകളിലൊന്നായ പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് മംഗളൂരു മേഖല സൗത്ത് വെസ്റ്റേൺ റെയിൽവേയുടെ മൈസൂർ ഡിവിഷനിലേക്ക് മാറ്റിയ നടപടിയിലൂടെ, പാലക്കാട് റെയിൽവേ ഡിവിഷന്റെ വരുമാന സാധ്യതകൾ പരിമിതപ്പെടുന്നതും സംസ്ഥാനത്തെ റെയിൽവെ അടിസ്ഥാന സൗകര്യ വികസനത്തിലും യാത്രാസൗകര്യങ്ങളിലും പ്രതിസന്ധി സൃഷ്ടിക്കുന്നതിലും ഈ സഭ ആശങ്ക രേഖപ്പെടുത്തുന്നു. ആയതിനാൽ പാലക്കാട് റെയിൽവേ ഡിവിഷനിൽനിന്ന് മംഗളൂരു മേഖലയെ വിഭജിച്ച നടപടി അടിയന്തരമായി പുനഃപരിശോധിക്കണമെന്നും പാലക്കാട് റെയിൽവേ ഡിവിഷന്റെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ, പ്രധാനപാതകൾ, സ്റ്റേഷനുകൾ, യാർഡ്, അധികാരപരിധികൾ എന്നിവ മാറ്റമില്ലാതെ നിലനിർത്തിക്കൊണ്ട് ഡിവിഷന്റെ പഴയ സ്ഥിതി പുനഃസ്ഥാപിക്കണമെന്നും ഈ സഭ കേന്ദ്ര സർക്കാരിനോടും റെയിൽവേ മന്ത്രാലയത്തോടും അഭ്യർഥിക്കുന്നു." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഉപക്ഷേപത്തിന്മേൽ ശ്രീ. വി. മുരളീധരൻ, ശ്രീ. ബി. ബി ഗോപകുമാർ എന്നീ അംഗങ്ങൾ എതിർപ്പ് രേഖപ്പെടുത്തി.)

ഉപക്ഷേപം സഭ അംഗീകരിച്ചു.

ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപങ്ങളിന്മേലുള്ള ചർച്ച (തുടർച്ച)

(2) യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ

ശ്രീ. കെ. രാജൻ: "മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് അഥവാ എം.ഡി.ആർ. എന്ന ചുരുക്കപ്പേരിൽ 2026 ഒക്ടോബർ 15 മുതൽ യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ ഈടാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച് കേരളനിയമസഭ ചർച്ച ചെയ്യണം." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. പ്രവീൺ: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: പൊതു ഡിജിറ്റൽ സംവിധാനത്തിലൂടെ വർഷങ്ങളായി തുടരുന്ന സൗജന്യ വാണിജ്യ ഇടപാടുകൾക്ക് ഫീസ് ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം പ്രതിഷേധാർഹവും അപലപനീയവുമാണ്. ജനങ്ങളെ ഡിജിറ്റൽ ഇടപാടുകളിലേക്ക് മാറ്റിയശേഷം അതേ സംവിധാനത്തിന് ഫീസ് ഏർപ്പെടുത്തുന്നത് കേന്ദ്രസർക്കാരിന്റെ നയവൈരുധ്യത്തിന് തെളിവാണ്.

രണ്ടായിരം രൂപയുടെ വാണിജ്യ ഇടപാടുകൾക്ക് എട്ട് രൂപയും അടിയന്തര വാണിജ്യ സേവനങ്ങൾക്ക് അഞ്ചുരൂപയുമാണ് എം.ഡി.ആർ. ആയി നിശ്ചയിച്ചിട്ടുള്ളത്. എല്ലാ മേഖലകളിലെയും യു.പി.ഐ. സേവനങ്ങൾക്ക് ഭാവിയിൽ ചാർജ് ഈടാക്കുന്നതിനുള്ള വ്യവസ്ഥകൾ പാർലമെന്റ് പാസാക്കിയ നികുതിയും മറ്റ് നിയമങ്ങളും (ഭേദഗതി) ബില്ലിൽ അടങ്ങിയിട്ടുണ്ട്. വിപണിയിൽ നിർണായക സ്വാധീനം നേടിയിരിക്കുന്ന സ്വകാര്യ ഇടനിലക്കാരുടെ ഉത്തരവാദിത്വവും നിയന്ത്രണ സംവിധാനങ്ങളും സംബന്ധിച്ച് നയരൂപീകരണം ആവശ്യമാണ്. ആഗോള കോർപ്പറേറ്റ് താൽപര്യങ്ങൾക്കനുസൃതമായി രാജ്യത്തിന്റെ ഡിജിറ്റൽ പേമെന്റ് നയം പുന:ക്രമീകരിക്കുന്നത് ആശാസ്യമല്ല. മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് (എം.ഡി.ആർ.) എന്ന പേരിൽ യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ ഈടാക്കാനുള്ള തീരുമാനത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്മാറണം.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. യു.പി.ഐ. സേവനങ്ങൾക്ക് ചാർജ് ഈടാക്കുന്നത് കച്ചവടക്കാരിൽനിന്നാണെങ്കിലും അത് പരോക്ഷമായി ഉപഭോക്താക്കളെ ബാധിക്കുകയും വിലക്കയറ്റത്തിന് കാരണമാകുകയും ചെയ്യും. ഡിജിറ്റൽ ഇടപാടുകൾക്ക് ചാർജ് ഈടാക്കുന്നതിലൂടെ വിദേശ കമ്പനികൾക്കാണ് പ്രയോജനം ലഭിക്കുന്നത്.

ശ്രീ. വി. കെ. സനോജ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. രണ്ടായിരം രൂപയ്ക്ക് മുകളിലുള്ള യു.പി.ഐ. ഇടപാടുകൾക്ക് എം.ഡി.ആർ. ഈടാക്കുന്നത് സാങ്കേതികവിദ്യയിലുള്ള കുത്തകാവകാശം ഉപയോഗപ്പെടുത്തി സാധാരണക്കാരുടെ പണം വൻകിട കോർപ്പറേറ്റുകൾക്ക് കൊള്ളയടിക്കാൻ അവസരമൊരുക്കുമെന്നതിനാൽ കേന്ദ്ര സർക്കാരിന്റെ നീക്കത്തെ ശക്തമായി എതിർക്കണം.

ശ്രീ. ഫൈസൽ ബാബു: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരളത്തിലെ വ്യാപാരി വ്യവസായികൾ മർച്ചന്റ് ഡിസ്കൗണ്ട് റേറ്റിനെതിരെ പ്രക്ഷോഭത്തിലാണ്. 2025 മുതൽ ഇതുവരെ ഇന്ത്യയിൽ 314 ലക്ഷം കോടി രൂപയുടെ ഡിജിറ്റൽ ഇടപാടുകൾ നടന്നിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വേഗതയേറിയ ഡിജിറ്റൽ പേമെന്റ് സംവിധാനങ്ങളിൽ ഒന്നായി ഇന്ത്യയുടെ യു.പി.ഐ. മാറുകയും ഇതിലൂടെ കൊടുക്കൽ-വാങ്ങലുകൾ വർധിക്കുകയും വ്യാപാര-സാമ്പത്തിക മേഖലകൾക്ക് ഉത്തേജനം പകരുകയും വൻതോതിലുള്ള ഡാറ്റാ സമാഹരണത്തിന് വഴിയൊരുക്കുകയും ചെയ്തിട്ടുണ്ട്. MDR ചെറുകിട കച്ചവടക്കാരുടെയും സാധാരണക്കാരുടെയും മേൽ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുന്നതാണ്.

ശ്രീ. സി. അജയപ്രസാദ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തിനെതിരെ ശക്തമായി പ്രതിഷേധിക്കണം. യു.പി.ഐ. ഇടപാടുകൾക്ക് ഫീസ് ഏർപ്പെടുത്താനുള്ള തീരുമാനം വ്യാപാരികൾക്കും സാധാരണക്കാരായ ഉപഭോക്താക്കൾക്കും സാമ്പത്തിക ബാധ്യതയും ബുദ്ധിമുട്ടും സൃഷ്ടിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

ശ്രീ. അപൂ ജോൺ ജോസഫ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് നടപ്പാക്കുന്നതിലൂടെ ആർക്കാണ് ഗുണം ലഭിക്കുന്നതെന്ന് പരിശോധിക്കേണ്ടതുണ്ട്. രാജ്യത്തെ മുഴുവൻ ബാധിക്കുന്നതും സാധാരണക്കാരുടെമേൽ വിലക്കയറ്റം അടിച്ചേൽപ്പിക്കുന്നതുമായ ഈ നയത്തെ പൂർണ്ണമായും എതിർക്കുന്നു.

ശ്രീ. ബി. ബി. ഗോപകുമാർ: യു.പി.ഐ. സംവിധാനത്തിലൂടെ രാജ്യത്ത് കോടിക്കണക്കിന് രൂപയുടെ ഇടപാടുകളാണ് നടക്കുന്നത്. ലോകത്തിന് തന്നെ മാതൃകയാകുന്ന വിധത്തിൽ ഡിജിറ്റൽ സംവിധാനത്തിന്റെ നേട്ടങ്ങൾ കൈവരിക്കുമ്പോഴും അടിസ്ഥാനരഹിതമായ അപവാദങ്ങളും അസത്യങ്ങളും പ്രചരിപ്പിക്കാനാണ് ശ്രമിക്കുന്നത്. യു.പി.ഐ. സേവനങ്ങൾക്ക് ചാർജ് ഏർപ്പെടുത്തിയ നടപടി രാജ്യത്തെ സാധാരണക്കാരെ ബാധിക്കുന്നതല്ല.

ശ്രീ. വിഷ്ണു മോഹൻ: ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. 2000 രൂപയ്ക്ക് മുകളിലുള്ള യു.പി.ഐ. ഇടപാടുകൾക്ക് 0.4 ശതമാനം മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ഏർപ്പെടുത്താനുള്ള തീരുമാനം സാമ്പത്തിക ചൂഷണത്തിന് വഴിയൊരുക്കുന്നതാണ്. രാജ്യത്തെ വ്യാപാരികളെയും ജനങ്ങളെയും കൊള്ളയടിക്കുന്ന ഈ നിയമം കേന്ദ്രസർക്കാർ പിൻവലിക്കണം.

ശ്രീ. പി. കെ. പ്രവീൺ: ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. യു.പി.ഐ. ഇടപാടുകാർക്ക് എം.ഡി.ആർ. ഈടാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം അപലപനീയമാണ്. അമേരിക്കൻ കമ്പനികൾക്കുവേണ്ടി ഇന്ത്യയിലെ സാധാരണ ജനങ്ങളുടെമേൽ അധിക ബാധ്യത അടിച്ചേൽപ്പിക്കുന്നതിനുള്ള കേന്ദ്ര തീരുമാനം അത്യന്തം ഖേദകരമാണ്.

ശ്രീ. മുഹമ്മദ് ഷിയാസ്: ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. ക്യാഷ്‌ലെസ് എക്കോണമി, ഡിജിറ്റൽ എക്കോണമി എന്നിവയുടെ പേരിൽ യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ ഈടാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം അപലപനീയമാണ്. സ്ലാബ് അടിസ്ഥാനത്തിൽ എം.ഡി.ആർ. ഈടാക്കാനുള്ള തീരുമാനം അംഗീകരിക്കാവുന്നതല്ല.

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ ഈടാക്കുന്നതിലൂടെ ജനങ്ങളെ കൊള്ളയടിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കച്ചവടക്കാരിൽ നിന്ന് കമ്മീഷൻ ഈടാക്കുന്നത് സാമ്പത്തിക അരാജകത്വവും വിലക്കയറ്റവും വിപണിയിൽ പ്രതിസന്ധിയും സൃഷ്ടിക്കുകയും രാജ്യത്തിന്റെ സമ്പദ് ഘടനയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

ശ്രീ. വി. എസ്. ജോയി: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയിലും സാധാരണക്കാരുടെ ജീവിതത്തിലും ദൂരവ്യാപക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന സമീപനമാണ് യു.പി.ഐ. ഇടപാടുകൾക്ക് കമ്മീഷൻ ഈടാക്കുന്നതിലൂടെ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. വ്യാപാരികളുടെ മേൽ ചുമത്തപ്പെടുന്ന എം.ഡി.ആർ. ഭാവിയിൽ സാധാരണ ജനങ്ങളെയും ബാധിക്കും. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പ്രത്യാഘാതമുണ്ടാക്കുന്ന വൻകിട കോർപ്പറേറ്റുകളുടെ താൽപര്യം സംരക്ഷിക്കാനാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. അബിൻ വർക്കി കോടിയാട്ട്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. 2000 രൂപയ്ക്ക് മുകളിലുള്ള യു.പി.ഐ. ഇടപാടുകൾക്ക് 0.4% എം.ഡി.ആർ. ഏർപ്പെടുത്തുന്നത് പണത്തിന്റെ മൂല്യം കുറയാൻ ഇടയാക്കുകയും വ്യാപാരികൾ ഇൻഡയറക്ട് റീട്ടെയിൽ പ്രൈസിലൂടെ

സാധാരണക്കാരിൽനിന്നും ഈ തുക ഈടാക്കുകയും ചെയ്യും. അമേരിക്കൻ കമ്പനികളെ പ്രീതിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഈ കരിനിയമം പിൻവലിക്കാൻ തയ്യാറാകണം.

ശ്രീ. പഴകുളം മധു: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. യു.പി.ഐ. ഇടപാടുകൾക്ക് മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ഈടാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പേയ്മെന്റ് ആൻഡ് സെറ്റിൽമെന്റ് സിസ്റ്റംസ് ആക്ട് സെക്ഷൻ 10-ന്റെ ലംഘനവും ചെറുകിട കച്ചവടക്കാരെ ബാധിക്കുന്നതുമാണ്. അമേരിക്കൻ കോർപ്പറേറ്റുകളുടെ താൽപര്യം സംരക്ഷിക്കാൻ വേണ്ടിയാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു തീരുമാനമെടുത്തത്. ഡിജിറ്റൽ പേമെന്റ് ചെലവ് വർധിക്കുന്നത് cash transaction-ലേക്ക് തിരിച്ചുപോകാൻ ഇടയാക്കും.

ശ്രീ. എം. എസ്. അരുൺ കുമാർ: ഉപക്ഷേപത്തെ പിന്തുണയ്ക്കുന്നു. രാജ്യത്തെ ഡിജിറ്റൽ കൊള്ളയിലേക്ക് തള്ളിവിടുന്ന കേന്ദ്ര സർക്കാർ സമീപനമാണിത്. സേവനമായി തുടങ്ങിയ പൊതു സംവിധാനത്തെ ചൂഷണം ചെയ്യാനുള്ള തീരുമാനം ഉപഭോക്താക്കളുടെ മേൽ അധിക ബാധ്യത അടിച്ചേൽപ്പിക്കും. ആഗോള കുത്തക താൽപര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനം ഖേദകരമാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): രാജ്യത്ത് ഏറ്റവും വലിയ inflationary pressure നിലനിൽക്കുമ്പോൾ യു.പി.ഐ. ഇടപാടുകൾക്ക് മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ഏർപ്പെടുത്തുന്നത് സമ്പദ്വ്യവസ്ഥയെ ദോഷകരമായി ബാധിക്കും. നികുതിക്ക് സമാനമായ impact ഉണ്ടാക്കുന്ന ഒരു നടപടിയായതിനാൽ ബിസിനസ്സ് കോസ്റ്റ് വർധിക്കുകയും അത് ഉപഭോക്താവിന്റെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകും. ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെയും സാധാരണക്കാരായ ജനങ്ങളെയും ബാധിക്കുന്ന ഈ തീരുമാനത്തിൽനിന്ന് കേന്ദ്ര സർക്കാർ പിൻമാറണം.

ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): "യു.പി.ഐ. (UPI) ഇടപാടുകൾക്ക് Merchant Discount Rate (MDR) ഈടാക്കാനുള്ള നീക്കം ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ളവരെ ദോഷകരമായി ബാധിക്കും എന്നതിനാലും; എം.ഡി.ആറായി നൽകുന്ന തുക ഉപഭോക്താവിൽനിന്ന് ഈടാക്കാൻ ആകില്ലെങ്കിലും അധികനിരക്കിന്റെ ബാധ്യത വിലയിൽ പ്രതിഫലിക്കാൻ സാധ്യതയുള്ളതിനാലും; ഡിജിറ്റൽ പണമിടപാടുകൾ നിരുത്സാഹപ്പെടുത്തുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും എന്നതിനാലും യു.പി.ഐ. (UPI)

ഇടപാടുകൾക്ക് Merchant Discount Rate (MDR) ഈടാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർഥിക്കുന്നു"

ശ്രീ. കെ. രാജൻ: 'പുനഃപരിശോധിക്കണമെന്ന്' എന്നതിനുപകരം 'പിൻവലിക്കണമെന്ന്' എന്ന് ഭേദഗതി വരുത്തണം.

ശ്രീ. വി. ഡി. സതീശൻ: ഭേദഗതി അംഗീകരിക്കുന്നു.

ഉപക്ഷേപം ശ്രീ. വി. മുരളീധരൻ, ശ്രീ. ബി. ബി. ഗോപകുമാർ എന്നീ അംഗങ്ങൾ എതിർക്കുകയും മറ്റ് അംഗങ്ങൾ അനുകൂലിക്കുകയും ചെയ്തു. ഉപക്ഷേപം സഭ അംഗീകരിച്ചു.

X നിയമനിർമ്മാണ കാര്യം

2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

ക്രമപ്രശ്നം

(1) ബില്ലിന്റെ കോപ്പികൾ യഥാസമയം വിതരണം ചെയ്യാത്തത് സംബന്ധിച്ച്

ശ്രീ. കെ. രാജൻ: കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76(2)-ന്റെ ക്ലിപ്തനിബന്ധനയുടെ അടിസ്ഥാനത്തിൽ 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ സംബന്ധിച്ച ഉപക്ഷേപം അവതരിപ്പിക്കുന്നതിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്കുമുൻപ് ബില്ലിന്റെ കോപ്പികൾ അംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതായിരുന്നു. മാത്രമല്ല, ബിൽ അംഗങ്ങൾക്ക് വായനയ്ക്കായി നൽകുന്നതിനും നിയമസഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും മുൻപ് ബില്ലിന്മേൽ ഭേദഗതികൾ ക്ഷണിച്ചുകൊണ്ട് നിയമസഭാ ബുള്ളറ്റിൻ (ഭാഗം-II) 14-10-2026-ൽ പുറപ്പെടുവിക്കുകയും ചെയ്തു. ഒരു നിയമസഭാ സമ്മേളന കാലയളവിലെ എല്ലാ ബില്ലുകൾക്കും മൂന്ന് പൂർണ്ണ ദിവസം നൽകണമെന്ന നിബന്ധനയിൽ ഇളവ് നൽകുന്നത് ശരിയായ നടപടിയല്ല. നിയമനിർമ്മാണം സംബന്ധിച്ച ചട്ടങ്ങളുടെ പ്രകടമായ ലംഘനമായതിനാൽ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ക്രമപ്രകാരമല്ല.

(2) ബില്ലിലെ അപാകത

ശ്രീ. കെ. വി. സുമേഷ്: 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും നഗരപ്രദേശ വികസനവും നിയമപ്രകാരം രൂപീകരിച്ച ഒരു കമ്മിറ്റിയും

ബോർഡും നിലനിൽക്കെ 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബില്ലിലൂടെ സമാന സ്വഭാവമുള്ള അതോറിറ്റിയും സമിതികളും രൂപീകരിക്കുന്നത് ഭരണപരമായ അരാജകത്വത്തിനും നിയമ വൈരുധ്യത്തിനും കാരണമാകും. നിലവിലുള്ള നിയമത്തിന്റെ അപാകത സംബന്ധിച്ചോ മറ്റൊരു നിയമം കൊണ്ടുവരുന്നതിന്റെ കാരണം സംബന്ധിച്ചോ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ വ്യക്തമാക്കുന്നില്ല. 2024-ൽ നിയമസഭ അംഗീകരിച്ച പരിസ്ഥിതി സംരക്ഷണ നിലപാടിനെ പൂർണമായും അട്ടിമറിച്ചുകൊണ്ട് ബില്ലിന്റെ അനുബന്ധ പട്ടികയിൽ 8, 9, 10 ഇനങ്ങളിലായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 5, 12 ചട്ടങ്ങളും 2015-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (അനധികൃത നികത്തൽ ക്രമവൽക്കരിക്കൽ) ചട്ടങ്ങളും പരിശോധനയില്ലാതെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ഭരണഘടനാപരമായ സ്വയംഭരണ അവകാശത്തെ എടുത്തുമാറ്റി ജില്ലാ കളക്ടറുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ കമ്മിറ്റിക്ക് കൈമാറുന്നത് ഭരണഘടനാവിരുദ്ധമാണ്. അനുഛേദം 254 പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ അധികാരപരിധിയിലും ഈ ബിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. സ്വാഭാവിക നീതിയും പൊതുജന സുരക്ഷയും ലംഘിക്കപ്പെടാവുന്ന നിരവധി വ്യവസ്ഥകൾ ഈ ബില്ലിലുണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതി കൈക്കൊള്ളുന്ന തീരുമാനത്തിന്മേൽ അപ്പീലിനുള്ള യാതൊരു വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ അധികചെലവ് സംബന്ധിച്ച് പരസ്പരവിരുദ്ധമായ പ്രസ്താവനയാണുള്ളത്. ബില്ലിന്റെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള 19 ആക്ടുകളും സ്പെഷ്യൽ ആക്ടുകളായതിനാൽ അവയെ ഒരുമിച്ച് ഈ ബില്ലിൽ ഉൾപ്പെടുത്തി ഭേദഗതി ചെയ്യാൻ സാധ്യമല്ല. ബില്ലിന് അവതരണാനുമതി നിഷേധിക്കണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ നിലവിലുള്ള മറ്റൊരു നിയമത്തിനും വിരുദ്ധമായിട്ടുള്ളതല്ല. നിലവിലുള്ള നിയമങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സിംഗിൾ വിൻഡോ ക്ലിയറൻസിന് നിയമപ്രാബല്യം നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള പ്രസ്തുത ബില്ലിൽ വ്യവസായം

ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ച് പരമാവധി 75 ദിവസങ്ങൾക്കുള്ളിൽ അനുമതി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം ലൈസൻസ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥയാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 'ഒരു സംസ്ഥാനം-ഒരു അനുമതി-ഒരു രേഖ' എന്ന തത്വത്തിനനുസൃതമായി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. നിലവിലുള്ള നിയമങ്ങളിലെ പോരായ്മ നികത്തുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതെന്ന് ഉദ്ദേശ്യകാരണങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

ക്ലിങ്ങ്

(1) ബില്ലിന്റെ കോപ്പികൾ യഥാസമയം വിതരണം ചെയ്യാത്തത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്ന് സഭ മുമ്പാകെ വരുന്ന ഈ ബില്ലിന്റെ കോപ്പികൾ 14-10-2026-ന് അംഗങ്ങൾക്ക് വിതരണം ചെയ്തശേഷമാണ് ഭേദഗതി നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ബുള്ളറ്റിൻ നിയമസഭാ സെക്രട്ടേറിയറ്റ് വിതരണം ചെയ്തത്. ബിൽ സഭയിൽ വരുന്നതിന് മൂന്ന് പൂർണ്ണദിവസംമുമ്പ് കോപ്പികൾ അംഗങ്ങൾക്ക് വിതരണം ചെയ്യണമെന്ന ചട്ടം പാലിക്കണമെന്നതാണ് ചെയറിന്റെ പക്ഷം. എന്നാൽ മൂന്ന് പൂർണ്ണ ദിവസം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ഇതിനുമുമ്പും സ്പീക്കർമാർ തന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ചട്ടം 76 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ ഇളവ് നൽകിയിട്ടുണ്ട്. പതിനഞ്ചാം കേരളനിയമസഭയിലും ഇപ്രകാരം ചട്ടം സസ്പെൻഡ് ചെയ്ത് ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഈ ബിൽ സംബന്ധിച്ച് കാര്യോപദേശക സമിതിയിൽ അംഗം അഭിപ്രായം രേഖപ്പെടുത്തിയിരുന്നുവെങ്കിലും ഇന്ന് ബിൽ അവതരിപ്പിക്കുന്നതിന് ധാരണയായതുപ്രകാരമാണ് അനുമതി നൽകുന്നത്. അതിനാൽ അംഗം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(2) ബില്ലിലെ അപാകത

മി. സ്പീക്കർ: സംസ്ഥാന-ജില്ലാ തലങ്ങളിലുള്ള ദ്വിതല സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് സംവിധാനം ഉൾപ്പെട്ടിട്ടുള്ള സരൾ കേരളം അതോറിറ്റി, ബില്ലിൽ വിവക്ഷിച്ചിട്ടുള്ള നിക്ഷേപ പദ്ധതിക്ക്, " ഒരു സംസ്ഥാനം-ഒരു അനുമതി-ഒരു രേഖ" എന്ന തത്വത്തിൽ അധിഷ്ഠിതമായി ക്ലിയറൻസ് സംബന്ധിച്ച തീരുമാനം കൈകൊള്ളുന്ന സിംഗിൾ അതോറിറ്റിയായതിനാൽ 1999-ലെ ആക്ടിന് സമാന്തരമാണെന്ന്

പറയാൻ കഴിയില്ല. ബില്ലിന്റെ 13, 14, 17 ഖണ്ഡങ്ങളിലെ പട്ടികയിലുൾപ്പെട്ടിട്ടുള്ള നിയമങ്ങളിലെ കോംപീറ്റന്റ് അതോറിറ്റി പാലിക്കേണ്ട യാതൊരു വ്യവസ്ഥകളിലും ഇളവ് വരുത്തുന്നില്ല. നിക്ഷേപകന് ഗുണകരമായ വ്യവസ്ഥകളാണ് ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ന്യായമായ പ്രതിനിധീകരണം സരൾ അതോറിറ്റിയിൽ ഉറപ്പാക്കിയിട്ടുണ്ട്. കേന്ദ്ര ആക്ടുകൾ പ്രകാരമുള്ള യാതൊരു ക്ലിയറൻസുകളിലും സരൾ അതോറിറ്റി ഇടപെടുന്നില്ലെന്ന് 15-ാം ഖണ്ഡം പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 17-ാം ഖണ്ഡം പ്രകാരം ആരോഗ്യം, തൊഴിലാളി ക്ഷേമം, പൊതുസുരക്ഷ, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങളിലോ ഗുണനിലവാരത്തിലോ ഈ ബില്ലിലെ വകുപ്പുകൾ പ്രകാരം യാതൊരു ഇളവുകളും നൽകിയിട്ടില്ല. നിയമസഭ ചട്ടം 73-ൽ "പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. അത്, ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും ബിൽ നിയമമായി പാസ്സാക്കുന്നപക്ഷം അതിലുൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പ് ചെലവ് കൂടി അതിൽ നൽകേണ്ടതും ആകുന്നു" എന്നാണ് പറയുന്നത്. മതിപ്പ് ചെലവ് മുൻകൂട്ടി കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തരത്തിലുള്ള ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾക്കൊള്ളിക്കുന്ന കീഴ്വഴക്കവുമുണ്ടായിട്ടുണ്ട്. 2019-ലെ കേരള സഹകരണ കോംപ്ലക്സും മെഡിക്കൽ സയൻസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബില്ലിൽ ഇപ്രകാരമുള്ള ധനകാര്യ മെമ്മോറാണ്ടമാണ് ഉൾക്കൊള്ളിച്ചിരുന്നത്. അതിനാൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി): 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി): 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: 25 കോടി രൂപയ്ക്ക് മുകളിലുള്ള മൂലധന നിക്ഷേപങ്ങൾക്ക് നിലവിലുള്ള ചില നിയമങ്ങൾ തടസ്സമാണെന്നിരിക്കെ നിക്ഷേപ രംഗത്തെ പുത്തൻ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാണ് ബിൽ കൊണ്ടുവരുന്നത്. വ്യവസായ ലൈസൻസുകൾ, പെർമിറ്റുകൾ, ക്ലിയറൻസുകൾ തുടങ്ങിയവ ഒരൊറ്റ ചാനലിലൂടെ ലഭ്യമാക്കുന്നതിനാണ് 'ഒരു സംസ്ഥാനം-ഒരു അനുമതി-ഒരു രേഖ' എന്ന തത്വത്തിനനുസൃതമായി സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നത്. വൻതോതിലുള്ള നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്തിയാൽ ആഗോള സമ്പദ്‌വ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കുന്നതാണ്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുന്നതിലൂടെ ഉല്പന്നങ്ങൾ ആഗോള വിപണിയിലെത്തിക്കാൻ സാധിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-02-2027 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 'വൺ സ്റ്റേറ്റ്, വൺ അപ്രൂവൽ, വൺ ഡോക്യുമെന്റ്' എന്ന ആശയം സ്വാഗതാർഹമാണ്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതി നൽകുന്ന എല്ലാ ലൈസൻസുകളും ഒരൊറ്റ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതിന് സഹായകമായ ഈ ബിൽ കേരളത്തിന് പ്രതീക്ഷ നൽകുന്നതാണ്. ബ്രെയിൻ ഡ്രെയിൻ തടയേണ്ടത് സംസ്ഥാനത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചക്ക് അത്യന്താപേക്ഷിതമാണ്. 25 കോടി രൂപയുടെ നിക്ഷേപം നടത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന സംരംഭകരെക്കൂടി സിംഗിൾ വിൻഡോ അതോറിറ്റി സംവിധാനത്തിൽ ഉൾപ്പെടുത്താനുള്ള വ്യവസ്ഥ ബില്ലിൽ കൊണ്ടുവരണം.

ശ്രീ. പി. പ്രസാദ്: 2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭരണഘടന ഉറപ്പാക്കുന്ന അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിക്ഷേപ സൗഹൃദത്തിന്റെ പേരിൽ പരിസ്ഥിതി

നിയമങ്ങളെയും ജനങ്ങളുടെ അവകാശങ്ങളെയും ദുർബലപ്പെടുത്തുന്ന സമീപനം അംഗീകരിക്കാൻ കഴിയില്ല. വിവിധ സംസ്ഥാന നിയമങ്ങളുമായി ബന്ധപ്പെട്ട അനുമതികളും പരിശോധനകളും ഒറ്റ സംവിധാനത്തിലേക്ക് കൊണ്ടുവന്ന് നടപടിക്രമത്തിൽ മാറ്റം വരുത്തുന്നത് ശരിയായ നടപടിയല്ല. ക്ലിയറൻസുമായി ബന്ധപ്പെട്ട വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം സംസ്ഥാനതല അംഗീകാര കമ്മിറ്റിക്ക് നൽകുന്നത് വൻകിടക്കാർക്കുവേണ്ടിയുള്ള ഫാസ്റ്റ്ട്രാക്കായി മാറും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അതത് പ്രദേശത്തെ ജനങ്ങൾക്കും പദ്ധതിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് അഭിപ്രായം അറിയിക്കാനുള്ള അവകാശത്തെ മറികടക്കുന്ന സംവിധാനമാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അധികാരസ്ഥാനത്തുള്ളവർ സമയബന്ധിതമായി പരിശോധന പൂർത്തിയാക്കുന്നില്ലെങ്കിൽ പദ്ധതിക്ക് അനുമതി ലഭിച്ചതായി കണക്കാക്കുന്ന ഡീംഡ് അപ്രൂവൽ വ്യവസ്ഥ പദ്ധതിയുടെ നിയമപരവും സാങ്കേതികവുമായ സുരക്ഷിതത്വത്തെ ദോഷകരമായി ബാധിക്കും.

<u>ശ്രീ. ഫൈസൽ ബാബു</u>: സംസ്ഥാനത്ത് സുഗമമായ വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്കാവശ്യമായ ലൈസൻസുകൾ, പെർമിറ്റുകൾ, ക്ലിയറൻസുകൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബിൽ കൊണ്ടുവന്നത് സ്വാഗതാർഹമാണ്. 'വൺ സ്റ്റേറ്റ്, വൺ അപ്രൂവൽ, വൺ ഡോക്യുമെന്റ്' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ വ്യാവസായിക അനുമതികളും ലഭ്യമാക്കാൻ ഒരു സിംഗിൾ സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കുന്നതിലൂടെ വ്യവസായ രംഗത്ത് കാതലായ മാറ്റം കൊണ്ടുവരാൻ സാധിക്കും. 25 കോടി രൂപയ്ക്ക് മുകളിൽ മൂലധന നിക്ഷേപമുള്ള പദ്ധതികൾക്കായി ഘട്ടം തിരിച്ച 75 ദിവസത്തെ നടപടിക്രമം മാത്രമാണുള്ളത്. ബിൽ ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും സാങ്കേതികവിദ്യ നവീകരിക്കുന്നതിനും അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. അപേക്ഷകൾ ഏകീകരിക്കുന്നതും വകുപ്പുകളുടെ ഏകോപനം മെച്ചപ്പെടുത്തുന്നതും തീരുമാനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുന്നതും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതും വ്യാവസായിക മേഖലയിൽ പുത്തൻ സാധ്യതകൾക്ക് വഴിതുറക്കും.

ശ്രീ. കെ. യു. ജനീഷ് കുമാർ: 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തെയും 2016-ലെ നഗര ഗ്രാമാസൂത്രണ നിയമത്തെയും അട്ടിമറിക്കുന്ന ബില്ലാണിത്. നിഗ്രഹവ്യവസായികളെ സഹായിക്കുന്ന ബിൽ സംബന്ധിച്ച് പൊതുജനാഭിപ്രായം ആരായണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേരളത്തിൽ നിലവിലുള്ള ഒരു നിയമത്തെയും ഈ ബിൽ അട്ടിമറിക്കുകയില്ല. നിക്ഷേപതാൽപര്യം പ്രകടിപ്പിച്ചിട്ടുള്ളവരുടെ ആവശ്യപ്രകാരമാണ് പേര് വെളിപ്പെടുത്താത്തത്. ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.ഡി. സതീശൻ): നിക്ഷേപകരെ നിരുത്സാഹപ്പെടുത്തുന്ന സന്ദേശങ്ങൾ നൽകുന്നതിനുപകരം വ്യവസായം ആരംഭിക്കാൻ അനുകൂല സാഹചര്യമാണ് കേരളത്തിലുള്ളതെന്ന് ബോധ്യപ്പെടുത്തുന്നതിനുള്ള ശ്രമം പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണം.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2026-ലെ സരൾ (സിംപ്ലിഫൈഡ് & ആക്സിലറേറ്റഡ് റെഗുലേറ്ററി അപ്രൂവൽസ് ആൻഡ് ലൈസൻസിംഗ്) കേരളം ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.)